प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

മാർച്ച് 30, 2019

## വിജയാ ബാങ്കിന്റേയും ദേനാ ബാങ്കിന്റേയും ശാഖകൾ 2019 ഏപ്രിൽ 1 മുതൽ ബാങ്ക് ഓഫ് ബറോഡയുടെ ശാഖകളായി പ്രവർത്തിക്കും

ഗവൺമെന്റ് ഓഫ് ഇൻഡ്യ, 2019 ജനുവരി 2-ന് പുറപ്പെടുവിച്ച വിജയബാങ്ക്-ദേനാ ബാങ്ക്, ബാങ്ക് ഓഫ് ബറോഡയുമായുള്ള ലയനപദ്ധതി 2019, ഇന്ത്യാ ഗവൺമെന്റ് ഗസറ്റ് എക്സ്ട്രാ-ഓർഡിനറി പാർട്ട് II, സെക്ഷൻ 3 സബ് സെക്ഷൻ (1) ൽ പ്രസിദ്ധപ്പെടുത്തിയതിൻപ്രകാരം വിജയാബാങ്കും, ദേനാബാങ്കും ബാങ്ക് ഓഫ് ബറോഡയുമായി ലയിപ്പിക്കാനുള്ള അനുമതി ഉണ്ടായിട്ടുണ്ട്. ബാങ്കിംഗ് കമ്പനികൾ (ഏറ്റെടുക്കലും സ്ഥാപനങ്ങൾ മാറ്റം വെയ്ക്കലും) നിയമം 1970 (5/1970) സെക്ഷൻ 9, ബാങ്കിംഗ് കമ്പനികൾ (ഏറ്റെടുക്കലും സ്ഥാപനങ്ങൾ മാറ്റം ചെയ്യലും) നിയമം 1980 (ആക്ട് 40/1980) സെക്ഷൻ 9 പ്രകാരവുമാണ് ഈ ലയനം നടത്തിയിട്ടുള്ളത്. 2019 ഏപ്രിൽ 1 മുതൽ പദ്ധതി നടപ്പിൽ വരും.

ഇതനുസരിച്ച്, 2019 ഏപ്രിൽ 1 മുതൽ വിജയാ ബാങ്കിന്റേയും ദേനാ ബാങ്കിന്റേയും ശാഖകൾ ബാങ്ക് ഓഫ് ബറോഡയുടെ ശാഖകളായി പ്രവർത്തിക്കും. വിജയാബാങ്കിന്റേയും ദേനാബാങ്കിന്റേയും, നിക്ഷേപകരുൾപ്പെടെയുള്ള ഇടപാടുകാർ, 2019 ഏപ്രിൽ 1 മുതൽ ബാങ്ക് ഓഫ് ബറോഡയുടെ ഇടപാടുകാരായി കണക്കാക്കപ്പെടും.

**അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്വൈസർ

**പ്രസ്സ് റിലീസ് 2018-2019/2329**